കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

# മതവിശ്വാസികളും തീവ്രവാദികളും




'**ബിൻലാദന്റെ** മകൻ അബു' നിരൂപണവും അതിനോടുള്ള വായനക്കാരുടെ പ്രതികരണവും കണ്ടു. ചിലത് കുറിക്കുന്നു. ഏതാനും ചില ബുദ്ധിജീവികളും സാംസ്കാരിക മനുഷ്യാവകാശ (സ്വയംപ്രഖ്യാപിതം) പ്രവർത്തകരും ഗൂഢലക്ഷ്യത്തോടെ കേരളീയം പൊതുമണ്ഡലത്തിലേക്ക് കടത്തിവിട്ടിരിക്കുന്ന ചില ആപത് പ്രവണതകളുണ്ട്. അതിലൊന്നാണ് സ്വത്വവാദം, ഇരവാദം, ഇസ്ലാമോഫോബിയ, സാമ്രാജ്യത്വ - അധിനിവേശ വിരുദ്ധത എന്നിങ്ങനെയുള്ള പദാവലികളുടെ മറപിടിച്ച് മതയാഥാസ്ഥിതികതയേയും തീവ്രവാദദർശനങ്ങളേയും വെള്ളപൂശക എന്നത്. തീവ്രവാദികൾ പട്ടാളത്തിന്റെ വെടിയേറ്റ് മരിക്കുമ്പോഴും അധ്യാപകന്റെ കൈവെട്ടുമ്പോഴും ഇക്കൂട്ടർ തീവ്രവാദികളുടെ പക്ഷം ചേർന്ന് മനുഷ്യാവകാശത്തെക്കുറിച്ച് സംസാരിക്കുന്നു. ന്യൂനപക്ഷ - ഭൂരിപക്ഷ ഭേദമില്ലാതെ തീവ്രവാദത്തെ നിഷ്പക്ഷവും സ്വതന്ത്രവുമായി നിന്നുകൊണ്ട് തുറന്ന് കാട്ടുകയും വിമർശിക്കുകയും ചെയ്യുന്നവർ ഒന്നോ രണ്ടോ വരും സാംസ്കാരിക രംഗത്ത്. ന്യൂനപക്ഷ തീവ്രവാദത്തെ വിമർശിക്കാൻ നട്ടെല്ലില്ലാത്തവരാണ് ബഹുഭൂരിപക്ഷവും. ഇത്തരമൊരു ദശാസന്ധിയിലാണ് എസ്. നാരായണന്റെ സിനിമാ നിരൂപണം പ്രസക്തമാകുന്നത്.

'മതനിഷ്ഠയിൽ കടുംപിടുത്തം പിടിക്കുന്ന യാഥാസ്ഥിതികനായ ഒരു മുസ്ലീമിന് അബുവാകാനേ കഴിയൂ - ലാദനാകാൻ കഴിയില്ല' എന്ന പ്രസ്താവനയുടെ ശരിതെറ്റുകൾ നോക്കാം. മനുഷ്യനല്ല, മതമാണ് വലുതെന്നും എന്തുചെയ്തും അതിന്റെ മതനിഷ്ഠകൾ അനുവർത്തിക്കണമെന്നും മുസ്ലീംതീവ്രവാദ സംഘടനകൾ ആണയിടുന്നു. മുൻവർഷങ്ങളിൽ നോമ്പുകാലത്ത് വ്രതമെടുത്ത് സ്പോർട്സിൽ മത്സരിക്കുന്നതിനെ പ്രകീർത്തിച്ചുകൊണ്ട് ചിത്രസഹിതം വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. നമുക്കറിയാം കായികമായി കഠിനാധ്വാനം വേണ്ടുന്ന ഓട്ട മത്സരങ്ങൾക്ക് പട്ടിണി കിടന്ന് മത്സരിച്ചാലുള്ള അവസ്ഥ. അതിന്റെ തുടർച്ചയായി വേണം ഈ വർഷം റംസാൻ മാസത്തിൽ കായികമത്സരങ്ങളേ വേണ്ട എന്ന് സർക്കാർ തീരുമാനിച്ചത്. ഇതുശരിയല്ല എന്ന് ഏതെങ്കിലും രാഷ്ട്രീയ, സാംസ്കാരിക പ്രവർത്തകർ പ്രതികരിച്ചതായി കേട്ടില്ല.

കണ്ണുമാത്രം പുറത്തുകാട്ടി ബാക്കി ശരീരം മുഴുവൻ മൂടുന്ന കറുത്ത പർദ്ദ യൂണിഫോമാക്കിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ആൺകുട്ടികളെയും പെൺകുട്ടികളെയും പരസ്പരം വേർതിരിച്ചുകൊണ്ട് (പരസ്പരം കാണാതിരിക്കാൻ) കർട്ടൺ കെട്ടിയ ക്ലാസ്മുറികളുള്ള കോളേജുകൾ ഇപ്പോഴും മലപ്പുറം ജില്ലയിലുള്ള കാര്യം എത്രപേർക്കറിയാം? മതതീവ്രവാദത്തിൽ അകത്തായ ആളുകൾ കോടതിയോട് ആവശ്യപ്പെടുന്നത് മതചര്യകൾ നിർവഹിക്കാൻ ജയിലിൽ സൗകര്യമൊരുക്കണമെന്നാണ്. അവർ മതനിഷ്ഠകൾ കർക്കശമായി ചെയ്യുന്നവരാണ്. മതത്തിന്റെ കാര്യത്തിൽ ഒട്ടും വിട്ടുവീഴ്ചയില്ലെന്നും അതിനായി ഏതറ്റം വരെ പോകാനും പറയുന്നവരാണ് സാമൂഹിക - രാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ തിരസ്കരിച്ച് തീവ്രവാദപാത തിരഞ്ഞെടുക്കുന്നവർ. മതവിശ്വാസികൾ എല്ലാവരും തീവ്രവാദികളല്ല. പക്ഷെ മതതീവ്രവാദികൾ കടുത്ത മതവിശ്വാസികൾ തന്നെയാണ്.

**ഷംനാസ്.വി, കിഴിശ്ശേരി, മലപ്പുറം**